## 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 765** **30-01-2024 - ൽ മറുപടിയ്ക്ക്**

## വിഴിഞ്ഞം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം പദ്ധതി ലാഭകരമല്ലെന്ന് വിമർശകർ ചൂണ്ടിക്കാട്ടുന്നതിന്റെ കാരണം വ്യക്തമാക്കാമോ; വിഴിഞ്ഞം ഹാർബർ പൂർണ്ണ തോതിൽ പ്രവർത്തനം ആരംഭിച്ച കഴിഞ്ഞാൽ സംസ്ഥാന സർക്കാരിന് ലഭിക്കുന്ന വരുമാനം സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ; | (എ) | കൺസഷൻ എഗ്രിമെന്റ് പ്രകാരം തുറമുഖം പ്രവർത്തന സജ്ജമായതിനു ശേഷമുള്ള 15-ആം വർഷം മുതലാണ് സർക്കാരിന് തുറമുഖ വരുമാനത്തിൽ നിന്നുള്ള വിഹിതം ലഭിച്ചുതുടങ്ങുന്നത്. പതിനഞ്ചാം വർഷത്തിൽ തുറമുഖ വരുമാനത്തിന്റെ 1% വിഹിതം, പതിനാറാം വർഷത്തിൽ 2% വിഹിതം എന്നിങ്ങനെ പരമാവധി 40% വരുമാന വിഹിതം വരെയാണ് സർക്കാരിന് തുറമുഖ പ്രവർത്തനത്തിൽ നിന്നും ലഭിക്കുന്നത്.<br><br>തുറമുഖ പദ്ധതിയുടെ ഭാഗമായി നടത്തിയ ഫീസിബിലിറ്റി പഠനത്തിലെ റവന്യൂ പ്രൊജക്ഷൻസ് പ്രകാരം തുറമുഖം പ്രവർത്തനം ആരംഭിച്ചതിനു ശേഷമുള്ള പതിനഞ്ചാം വർഷം സർക്കാരിന് 12.33 കോടി, 16-ആം വർഷം 25.98 കോടി, 17-ആം വർഷം 40.97 കോടി എന്നിങ്ങനെയാണ് റവന്യൂ വിഹിതം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നത്. |
| (ബി) | പദ്ധതിച്ചെലവിന്റെ മൂന്നിൽ രണ്ടു ഭാഗം തുകയും സംസ്ഥാനത്തിന്റെ പൊതുഖജനാവിൽ നിന്ന് ചെലവഴിക്കണമെന്ന വ്യവസ്ഥ നിലവിലുണ്ടോ; വയബിലിറ്റി ഗ്യാപ് ഫണ്ടായി കേന്ദ്രത്തിൽ നിന്നും ലഭിക്കുമെന്ന് പറയുന്ന തുക നിശ്ചിത കാലയളവിനകം സംസ്ഥാനം തിരിച്ചു നൽകണമെന്ന വ്യവസ്ഥ ഉണ്ടോ; വ്യക്തമാക്കാമോ; | (ബി) | തുറമുഖത്തിന്റെ ആകെ പദ്ധതി ചെലവായി ഇപ്പോൾ കണക്കാക്കിയിട്ടുള്ളത് 8493.44 കോടി രൂപയാണ്. ഇതിൽ വിവിധ പദ്ധതി ഘടകങ്ങൾക്കായി വകയിരുത്തിയിട്ടുള്ള തുക ചുവടെ ചേർക്കുന്നു.<br><br>ഇതിൽ ഓരോ കക്ഷികളും വഹിക്കുന്ന തുക ചുവടെ ചേർക്കുന്നു.<br><br>മുകളിൽ സൂചിപ്പിച്ച ആകെ പദ്ധതി ചെലവായ 8505.49 കോടി രൂപയിൽ 4,089 കോടി രൂപയാണ് കൺസഷൻ എഗ്രിമെന്റ് പ്രകാരം നടപ്പിലാക്കുന്ന പബ്ലിക്ക് - പ്രൈവറ്റ് പാർട്ട്ണർഷിപ്പ് (പി.പി.പി) ഘടകങ്ങൾക്ക് കണക്കാക്കിയിട്ടുള്ളത്. ഇതിൽ 1635 കോടി രൂപ കേന്ദ്ര - സംസ്ഥാന സർക്കാരുകൾ ഗ്രാന്റായും 2454 കോടി രൂപ കൺസഷണയർ വിഹിതമായി നിക്ഷേപിക്കണമെന്നു മാണ് കൺസഷൻ എഗ്രിമെന്റിലെ വ്യവസ്ഥ. ഇത് |

| | | | |
|---|---|---|---|
| | | | പരിഗണിച്ചാൽ പദ്ധതിയുടെ സർക്കാർ വിഹിതം 39.99%വും കൺസഷണയർ വിഹിതം 60.01%വുമാണ്.<br><br>വയബിലിറ്റി ഗ്യാപ് ഫണ്ടായി കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന തുക സംസ്ഥാന സർക്കാർ തിരിച്ച് നൽകേണ്ടതുണ്ട്. തുറമുഖം പ്രവർത്തനസജ്ജമായതിനു ശേഷമുള്ള 15-ആം വർഷം മുതൽ സംസ്ഥാന സർക്കാരിന് ലഭിക്കുന്ന വരുമാനത്തിന്റെ 20% വീതമാണ് കേന്ദ്ര സർക്കാരിന് തിരികെ നൽകേണ്ടത്. |
| (സി) | സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്ന അന്താരാഷ്ട്ര ഹാർബറുകളിൽ നിന്നും നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്ത് ലഭിച്ച വരുമാനം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | കേരള മാരിടൈം ബോർഡിനുകീഴിൽ അന്താരാഷ്ട്ര ഹാർബറുകൾ നിലവിലില്ല. കേരള മാരിടൈം ബോർഡിനുകീഴിലുള്ള തുറമുഖങ്ങളിലെ തുറമുഖ സംബന്ധമായ പ്രവർത്തനങ്ങളായ പൈലറ്റേജ് ഫീസ്, തുറമുഖ ഭൂമികളുടെ ലൈസൻസ് റെന്റ്, ഗ്രൗണ്ട് റെന്റ്, പോർട്ട് ഡ്യൂസ്, ടഗ്ഗ് ചാർജ്ജ് , മറ്റിനങ്ങൾ എന്നിവയിലായി ആകെ 4,86,35,981/-രൂപ വരുമാനം നടപ്പു സാമ്പത്തിക വർഷം ലഭിച്ചിട്ടുണ്ട്. |
| (ഡി) | വിഴിഞ്ഞം തീരത്തുനിന്നും കുടിയൊഴിപ്പിക്കപ്പെടുന്നവരുടെ പുനരധിവാസത്തിന് പാക്കേജുകൾ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (ഡി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് തദ്ദേശവാസികളുടെ ക്ഷേമത്തിനായും അടിസ്ഥാന സൗകര്യ വികസനത്തിനായും നിരവധി പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. പദ്ധതിബാധിത പ്രദേശത്തെ ജനങ്ങളുടെ ജീവനോപാധി നഷ്ടപരിഹാരത്തിനും മറ്റ് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകിക്കൊണ്ടാണ് സർക്കാർ തുറമുഖ പദ്ധതിയുമായി മുന്നോട്ടു പോകുന്നത്. തദ്ദേശീയരായ മത്സ്യത്തൊഴിലാളി വിഭാഗങ്ങളിൽ അർഹരായ ചിപ്പി/ ലോബ്സ്റ്റർ വിഭാഗത്തിലെ കട്ടമരച്ചിപ്പിത്തൊഴിലാളികൾക്ക് ആജീവനാന്ത നഷ്ടപരിഹാരമായി ആളൊന്നിന് 12,50,000/- രൂപയും കരച്ചിപ്പിത്തൊഴിലാളികൾക്ക് 2,00,000/- രൂപയും ചിപ്പിക്കച്ചവടക്കാർക്ക് 1,00,000/- രൂപയും വീതം 262 പേർക്ക് 12.36 കോടി രൂപയും കരമടിത്തൊഴിലാളികൾക്ക് ആജീവനാന്ത നഷ്ടപരിഹാരമായി ആളൊന്നിന് 5,60,000/- രൂപ വീതം 916 പേർക്ക് 54.92 കോടി രൂപയും കട്ടമരത്തൊഴിലാളികൾക്ക് നഷ്ടപരിഹാരമായി ആളൊന്നിന് 4,20,000/- രൂപ വീതം 43 പേർക്ക് 1.81 കോടി രൂപയും കരമടി അനുബന്ധ സ്ത്രീ ചുമട്ടു തൊഴിലാളികൾക്ക് നഷ്ടപരിഹാരമായി ആളൊന്നിന് 1,00,000/- രൂപ വീതം 11 പേർക്ക് 00.11 കോടി രൂപയും വിതരണം ചെയ്തു കഴിഞ്ഞു. നിർമ്മാണ കാലയളവിൽ പദ്ധതി പ്രദേശം ചുറ്റി |

പോകേണ്ടതിനാൽ മത്സ്യത്തൊഴിലാളികൾക്ക് 31.57 കോടി രൂപയുടെ മണ്ണെണ്ണ മത്സ്യഫെഡ് മുഖാന്തിരം വിതരണം ചെയ്തിട്ടുണ്ട്. റിസോർട്ട് തൊഴിലാളികളായ 211 പേർക്ക് 6.08 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. നാല് സ്വയം സഹായ സംഘങ്ങളിലെ 33 പേർക്ക് 0.08 കോടി രൂപ നൽകിയിട്ടുണ്ട്. ഇപ്രകാരം പദ്ധതി ബാധിത പ്രദേശങ്ങളിൽ ജീവനോപാധി നഷ്ടപരിഹാരമായി 106.93 കോടി രൂപ ഇതിനകം തന്നെ വിതരണം ചെയ്തു കഴിഞ്ഞു.

തുറമുഖ പദ്ധതിയോടനുബന്ധിച്ച് 7.3 കോടി രൂപ ചെലവിൽ 3.3 ദശ ലക്ഷം ലിറ്റർ ജലം ശുദ്ധീകരിച്ച് നൽകുന്ന പദ്ധതിയിലൂടെ പ്രദേശത്ത് ശുദ്ധജല വിതരണം ചെയ്യുന്നുണ്ട്. കൂടാതെ, 1.74 കോടി രൂപ ചെലവിൽ പദ്ധതി പ്രദേശത്തെ 1000 ൽപ്പരം ശുദ്ധജല വിതരണ കണക്ഷൻ സൗജന്യമായി നൽകിക്കഴിഞ്ഞു. ഖര മാലിന്യ നിർമ്മാർജ്ജനത്തിന് 1.05 കോടി രൂപ മതിപ്പ് ചെലവ് വരുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. നിലവിലെ വിഴിഞ്ഞം CHC യെ 80 കിടക്കകളുള്ള ഒരു താലൂക്ക് ആശുപത്രിക്ക് തുല്യമായി ഉയർത്തുന്നതിനായുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു. മാലിന്യം നിറഞ്ഞ് സ്വാഭാവിക ഒഴുക്ക് തടസ്സപ്പെട്ട പദ്ധതി പ്രദേശത്തെ ഗംഗയാർ തോടിലെ മാലിന്യം നിരവധി തവണ നീക്കം ചെയ്ത് ഗംഗയാറിന്റെ സ്വാഭാവിക നീരൊഴുക്ക് നില നിർത്തുന്നതിനായുള്ള സമഗ്ര പദ്ധതി 1.18 കോടി രൂപ ചെലവിൽ നടപ്പിലാക്കിവരുന്നു. വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി കോട്ടപ്പുറത്ത് ഒരു പകൽ വീട് സ്ഥാപിക്കുന്നതിനായി ഒരു പദ്ധതി ഫിഷറീസ് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഇതിനനു യോജ്യമായ സ്ഥലം വാങ്ങുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനുമായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കേരള സർക്കാരിന്റെ നൈപുണ്യ വികസന പരിശീലന കേന്ദ്രം (ASAP) ന്റെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞു. ഇവിടെ തുറമുഖാനുബന്ധ കോഴ്സുകൾ ഉൾപ്പെടെയുള്ള കോഴ്സുകൾ പ്രദേശ വാസികൾക്ക് മുൻഗണന നൽകിക്കൊണ്ട് നടപ്പിലാക്കുന്നതാണ്. പദ്ധതി പ്രദേശത്തിനു സമീപം കായിക അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ കളിസ്ഥലം നിർമ്മിക്കുന്നതിനായി 1.75 കോടി രൂപയുടെ പദ്ധതി സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിനായുള്ള നടപടികൾ പുരോഗമിക്കുകയാണ്. തദ്ദേശവാസികൾക്കും മത്സ്യത്തൊഴിലാളികൾക്കും പരമാവധി പ്രയോജനവും തൊഴിലും ലഭ്യമാകുന്ന രീതിയിൽ ഒരു സീഫുഡ്

| | | | |
|---|---|---|---|
| | | | പാർക്ക് സ്ഥാപിക്കുന്നതിനായുള്ള നടപടികളും പുരോഗമിക്കുക യാണ്.<br><br>ഇതിനു പുറമേ കരാർ കമ്പനിയും മറ്റനവധി സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ പദ്ധതി പ്രദേശത്ത് സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

| ക്രമ നം. | ഘടകം | തുക (കോടിയിൽ) |
| --- | --- | --- |
| 1 | തുറമുഖ നിർമ്മാണം – പൊതു സ്വകാര്യ പങ്കാളിത്ത ഘടകം | 4089.00 |
| 2 | ഫണ്ടഡ് വർക്ക് (ബ്രേക്ക് വാട്ടർ & മത്സ്യബന്ധന തുറമുഖ നിർമ്മാണം.) | 1754.06 |
| 3 | മറ്റ് ചെലവുകൾ (ഭൂമി ഏറ്റെടുക്കൽ, റെയിൽ കണക്ടിവിറ്റി, ജീവനോപാധി നഷ്ടപരിഹാരം, ജല വിതരണം, വൈദ്യുതി തുടങ്ങിയവ) | 2650.38 |
| **ആകെ** | | **8493.44** |

| ക്രമ നം. | ചെലവ് വഹിക്കുന്ന കക്ഷി | തുക (കോടിയിൽ) | ശതമാനം |
| --- | --- | --- | --- |
| 1 | കൺസഷണയർ (അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ്) | 2454.00 | 28.9% |
| 2 | കേന്ദ്ര സർക്കാർ/ VGF ഘടകം | 817.80 | 9.6% |
| 3 | സംസ്ഥാന സർക്കാർ | 5221.64 | 61.5% |
| **ആകെ** | | **8493.44** | **100%** |